LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 5, വെള്ളി

നിയമസഭ 2014 ജൂലൈ മാസം 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് പൂർവ്വമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു

I അറിയിപ്പ്

ശ്രീ. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ..... ഓർഡർ ..... ഇന്നലെ അന്തരിച്ച ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർക്ക് ആദരാഞ്ജലികൾ അർപ്പിക്കുവാൻ അംഗങ്ങൾക്ക് സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി ഇന്നത്തെ സഭാനടപടികൾ ക്രമീകരിക്കണമെന്ന നിർദ്ദേശം ഇന്നലെ എല്ലാവരുമായി ആലോചിച്ച് ഒരു ധാരണയിലെത്തിയിട്ടുണ്ട്. അതുകൊണ്ട് ഇന്ന് ചോദ്യോത്തരവേള, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ, അനൗദ്യോഗികാംഗങ്ങളുടെകാര്യം എന്നിവ ഒഴിവാക്കണം എന്ന നിർദ്ദേശത്തിന് സഭയുടെ അംഗീകാരം ഉണ്ടെന്ന് ചെയർ കരുതുന്നു. കാര്യോപദേശകസമിതിയുടെ റിപ്പോർട്ട് സമർപ്പണവും റിപ്പോർട്ട് പരിഗണനയും ഒഴികെയുള്ള എല്ലാ ബിസിനസ്സുകളും ഒഴിവാക്കുന്നു.

II റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട്

(1) മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, കാര്യോപദേശക സമിതി അംഗമായ ഞാൻ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി)-ബില്ലിനെയും 2014-ലെ കേരള മത്സ്യാരിത്ത് ബില്ലിനെയും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ റിപ്പോർട്ടുകൾ

കൃഷിയും ഭൂഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) സർ, 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബില്ലിനെയും 2014-ലെ കേരള മത്സ്യാരിത്ത് ബില്ലിനെയും സംബന്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly

റിഷയന്വിർണ്ണയ സമിതി I-ന്റെ റിപ്പോർട്ടുകൾ സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

3. 2014-ലെ കേരള മാരിടൈം ബോർഡ് ബിൽലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : സർ, 2014-ലെ കേരള മാരിടൈം ബോർഡ് ബിൽലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി V-ന്റെ റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

4. പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച് സമിതിയുടെ VI മുതൽ VIII വരെയുള്ള റിപ്പോർട്ടുകൾ.

ശ്രീ. സി. കുഞ്ഞിമുട്ടി : സർ, പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച് സമിതിയുടെ VI മുതൽ VIII വരെയുള്ള റിപ്പോർട്ടുകൾ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

III റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

എറണാകുളത്ത് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ ശവസംസ്കാരചടങ്ങിന് പോകുന്നതിനായി ബഹുമാന്യരായ എം.എൽ.എ.-മാർക്ക് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്ന് വാഹനം അറേഞ്ച് ചെയ്യുന്നതാണ്.

ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 8-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 8.33-ന് പിരിഞ്ഞു.)